(സി) കഴിഞ്ഞ കാലവർഷം സമയത്തുണ്ടാകാതിരുന്നതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് ഏകദേശം 92 ലക്ഷം രൂപ നഷ്ടം വന്നതായി കണക്കാക്കപ്പെടുന്നു.

(ഡി) 1. സംസ്ഥാനത്തിനകത്തെ വിതരണത്തിൽ വന്ന കുറവുകൊണ്ടുണ്ടായ നഷ്ടം 66 ലക്ഷം രൂപ.

2. തമിഴ്നാട്ടിലേയ്ക്ക് കൊടുത്തിരുന്ന വിദ്യുച്ഛക്തിയിൽ വന്ന കുറവുകൊണ്ടുണ്ടായ നഷ്ടം 26 ലക്ഷം രൂപ.

ഇലക്ട്രിസിറ്റി ബോർഡ് പലിശയിനത്തിൽ ഗവൺമെൻറിലേക്ക് അടയ്ക്കേണ്ട തുക

* 52. [79] ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിൽനിന്നും പലിശയിനത്തിൽ ഗവൺമെൻറിലേക്ക് കിട്ടേണ്ട എത്ര സംഖ്യ ഇളവുചെയ്തുകൊടുത്തിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ എന്ത്; എന്തു കാരണത്താൽ ;

(സി) ഇതിനുശേഷം ഇപ്പോൾ എത്ര സംഖ്യ ഈ ഇനത്തിൽ കിട്ടേണ്ടതായിട്ടുണ്ട്?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) 16,07,48,214 രൂപ ഇളവ് ചെയ്തുകൊടുത്തിട്ടുണ്ട്.

(ബി) 18-5-1972-ൽ ലോകബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് ഇപ്രകാരം ഒരു നടപടി വേണ്ടിവന്നു.

(സി) 31-3-1976-ലെ കണക്കനുസരിച്ച് 40,31,51,778 രൂപ.

കറൻറ് ചാർജ്ജ് വർദ്ധനമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം

* 53. [81] ശ്രീമതി. പെണ്ണമ്മ ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ ;

കേരളത്തിൽ കറൻറ് ചാർജ്ജ് വർദ്ധനമൂലം സംജാതമായിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം ഇതിനൊരു പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിമന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ): ബോർഡിനുള്ള സാമ്പത്തികനഷ്ടം ഒരു പരിധിവരെയെങ്കിലും നികത്തുന്നതിനു വേണ്ടി ഉത്പാദന വിതരണച്ചെലവുകൾ, സാധനസാമഗ്രികളുടെ വിലവർദ്ധനവ്, സാമൂഹിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ഏറ്റവും കുറഞ്ഞ നിരക്കുകളാണ് പുതുതായി നിശ്ചയിച്ചിട്ടുള്ളത്. ഇതിലും കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം നടത്തുവാൻ നിർവ്വാഹമില്ല. തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള നിരക്ക് കുറയ്ക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly